LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡിയോടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ

94 (160) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സബ്സിഡിയോടെ ഏതെല്ലാം ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയ്ക്ക് ഈ വർഷത്തെ ബജറ്റിൽ എത്ര രൂപ നീക്കി വെച്ചു എന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, പീസ്പരിപ്പ് മുളക്, മല്ലി, കടുക്, ഉലുവ, ജീരകം തുടങ്ങിയ പലവ്യഞ്ജനങ്ങളും അരിയുമാണ് സബ്സിഡി നൽകി ഇപ്പോൾ വിതരണം ചെയ്യുന്നത്. 2010 ഡിസംബർ 14 മുതൽ ഒരു മാസത്തേക്ക് ക്രിസ്തുമസ്-ന്യൂഇയർ സീസൺ പ്രമാണിച്ച് പഞ്ചസാരയും സബ്സിഡി നൽകി കിലോയ്ക്ക് 25 രൂപയ്ക്ക് വിതരണം ചെയ്യുന്നു.

(ബി)

നമ്പർ	വർഷം	ബഡ്ജറ്റ് വിഹിതം (തുക കോടിയിൽ)		യാഥാർത്ഥ ചെലവ് തുക (കോടിയിൽ) 2009-10	Upto (കുടിശ്ശിക) 10/2010	ആകെ
	2010-11	50	മാർക്കറ്റ് ഇന്റർവെൻഷൻ	121.44	60.88	182.32
			അരിക്കട	1.89	5.40	7.29
			ഓണക്കിറ്റ്	...	14.31	14.31
			ആകെ	123.33	80.59	203.92

മൊബൈൽ മാവേലി സ്റ്റോറുകൾ

95 (161) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണിത് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമപ്രദേശങ്ങളിൽക്കൂടി മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?